ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്,
പ്രജോ ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം

നമ്പർ.ഇബി3/11106/2014/ എച്ച്.ആർ.ഡി.(2) തീയതി : 22-8-2018

## പരിപത്രം

വിഷയം:- ഐ.എച്ച്.ആർ.ഡി. - കേരളം നേരിടുന്ന പ്രളയക്കെടുതി - ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ച്.

........

കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത മഴക്കെടുതിയും പ്രളയ ദുരന്തവും നേരിടുന്ന ഈ വേളയിൽ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക വിദ്യാർത്ഥി സമൂഹം നൽകിയ നിസ്വാർത്ഥ സേവനം എല്ലാ അർത്ഥത്തിലും പ്രശംസനീയമാണ്. ദുരിതം അനുഭവിക്കുന്നവരെ ഇത്തരത്തിൽ അകമഴിഞ്ഞ് സഹായിക്കുവാൻ മടിയില്ലാതെ മുന്നിട്ടിറങ്ങിയ ഐ.എച്ച്.ആർ.ഡി. കുടുംബത്തിലെ എല്ലാപേർക്കും പ്രത്യേകം അഭിനന്ദനവും നന്ദിയും അറിയിക്കുന്നു. പ്രത്യേകിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിച്ച ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളേയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും പൂർവ്വ വിദ്യാർത്ഥികലളെയും ഈ അവസരത്തിൽ പ്രത്യേകം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

കൂടാതെ പ്രളയ ദുരന്തം നേരിട്ട കേരള ജനതയ്ക്ക് ആശ്വാസം നൽകുവാനും അവരെ പുനരധിവസിപ്പിക്കുവാനും കേരളത്തെ പുനർനിർമ്മിക്കുവാനും കേരള സർക്കാർ ആവിഷ്കരിക്കുന്ന ബൃഹത് പദ്ധതിയിൽ ഐ.എച്ച്.ആർ.ഡി. കുടുംബവും ഒറ്റക്കെട്ടായും സജീവമായും പങ്കാളികൾ ആകണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രളയ ദുരന്തം നേരിട്ട മേഖലകളിൽ ശുചീകരണം, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രോണിക്സ്/ മെഡിക്കൽ എക്വിപ്മെന്റ്സ്/ കമ്പ്യൂട്ടർ എന്നിവയിലെ അറ്റകുറ്റപണികൾ, സിവിൽ വർക്കുകൾ എന്നിങ്ങനെ ഐ.എച്ച്.ആർ.ഡി.യ്ക്ക് സേവനം നൽകുവാൻ സാധ്യമായ എല്ലാ മേഖലകളിലും ഐ.എച്ച്.ആർ.ഡി.യുടെ സജീവ സാന്നിധ്യം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനായി അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും തുടർന്നും മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും